Circular No: SBV08/2019-21

# സമസ്ത കേരള സുന്നി ബാലവേദി


(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 0494 2400530, 2400749

**website: www.sksbvstate.com, Email: sksbvstate@gmail.com**


---

*ജില്ല, റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ, മദ്റസ യൂണിറ്റ് സുന്നി ബാലവേദി ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്.*

മാന്യരെ, **السلام عليكم**

മുസ്‌ലിം സമൂഹം കാത്തോർക്കുന്ന, ഈ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിനുതന്നെ കാരണഭൂതരായ മുത്തുനബി മുഹമ്മദ് മുസ്ത്വഫാ (സ)യുടെ ജന്മദിനം ഉൾകൊള്ളുന്ന റബീഉൽ അവ്വൽ മാസം സമാഗതമായിരിക്കുകയാണ്. മഹത്തായ ഈ സുദിനത്തെ അതിന്റേതായ പ്രൗഢിയോടും ബഹുമാനത്തോടും ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ടത് മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയാണ്. അതിന്റെ ഭാഗമായി സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ **'കരുണയാണ് തിരുനബി(സ)'** എന്ന പ്രമേയവുമായി **റബീഉൽ അവ്വൽ 1 മുതൽ 30 വരെ (2019 ഒക്ടോബർ 30 മുതൽ 2019 നവംബർ 28 വരെ)** റബീഅ് ക്യാമ്പയിൻ ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ ക്യാമ്പയിനിന്റെ ഭാഗമായി സന്ദേശം കൈമാറൽ, പ്രബന്ധ മത്സരം, ബുർദ മത്സരം തുടങ്ങി വിവിധ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

## *സന്ദേശം കൈമാറൽ*

മാനവ സമൂഹത്തെ കൊടിയ അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് നയിച്ച മുത്തുനബി മുഹമ്മദ് മുസ്ത്വഫ(സ) തങ്ങളുടെ ജന്മദിനം ഉൾകൊള്ളുന്ന റബീഉൽ അവ്വൽ മാസത്തെ ഉൾകൊള്ളിച്ചുള്ള സന്ദേശങ്ങൾ പോസ്റ്റർ ചെയ്ത് സൈറ്റ് ബോർഡിൽ പ്രദർശിപ്പിക്കുകയും ആനുകാലിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്യുക.

## *പ്രബന്ധ മത്സരം (യൂണിറ്റ് തലം)*

പ്രബന്ധ മത്സരം ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ, (SKJM ഇസ്‌ലാമിക കലാമേള നിയമമനുസരിച്ച്) എന്നീ വിഭാഗങ്ങളിലായിട്ടാണ് സംഘടിപ്പിക്കേണ്ടത്. വിജയികളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് മദ്റസ തലങ്ങളിൽ സമ്മാനം നൽകേണ്ടതാണ്.

- മത്സര സമയം ഒന്നര മണിക്കൂർ ആയിരിക്കും.
- അഞ്ച് പേജിൽ കുറയാത്ത (A4 പേപ്പർ) രീതിയിലാണ് പ്രബന്ധം തയ്യാറാക്കേണ്ടത്.

**പ്രബന്ധ വിഷയങ്ങൾ**

| | | |
|---|---|---|
| ജൂനിയർ (ക്ലാസ് 5,6) | – | നബിയാണ് നമ്മുടെ മാതൃക |
| സീനിയർ (ക്ലാസ് 7,8) | – | മതേതര മുഖം നഷ്ടപ്പെടുന്ന ഇന്ത്യ |
| സൂപ്പർ സീനിയർ (ക്ലാസ് 9,10,11,12) | – | സൈബർ ലോകവും മാറുന്ന മനസ്സും |

## *പ്രസംഗ മത്സരം (റെയിഞ്ച് തലം)*

റെയിഞ്ചിൽ പെട്ട മദ്റസകളിലെ തിരഞ്ഞെടുക്കപ്പെട്ട സീനിയർ വിഭാഗം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രസംഗ മത്സരം സംഘടിപ്പിക്കേണ്ടതാണ്. റെയ്ഞ്ച് വിജയികളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് സമ്മാനം നൽകേണ്ടതാണ്.

- **മത്സര സമയം ഒരാൾക്ക് 10 മിനുട്ട് ആയിരിക്കും**
- **വിഷയം : വിസ്മരിക്കപ്പെടുന്ന പ്രവാചക ചര്യകൾ**

ചേളാരി
10/10/19

ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

---

NB: **ഈ സർക്കുലർ ഫോട്ടോകോപ്പിയെടുത്ത് മദ്റസകളിലേക്ക് എത്തിക്കേണ്ടതാണ്.**